(ബി) ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച് ഇ.എസ്.ഐ. കോർപ്പറേഷനാണ് തീരുമാനമെടുക്കേണ്ടത്.

ഇ.എസ്.ഐ. സ്കീം ബാധകമാക്കിയിട്ടില്ലാത്ത പ്രദേശങ്ങൾ

77 [2849] ശ്രീ. എ. എ. അസീസ് :

,, കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(ബി) കാരേറ്റ് കേന്ദ്രീകരിച്ച് ഇ.എസ്.ഐ. ഡിസ്പൻസറിയും ലോക്കൽ ആഫീസും ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ ഇ.എസ്.ഐ. പദ്ധതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ അത് നടപ്പിലാക്കാൻ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും ഉചിതമായ നിർദ്ദേശങ്ങൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ നടപടി കൈക്കൊള്ളുന്നതാണ്.

(ബി) കാരേറ്റ് കേന്ദ്രീകരിച്ചുകൊണ്ടുള്ള ഇ.എസ്.ഐ. ഡിസ്പൻസറി പ്രവർത്തിക്കുവാനായി കിളിമാനൂരിലുള്ള ഇ.എസ്.ഐ. ഡിസ്പൻസറി കാരേറ്റിലേക്കു മാറ്റുന്ന കാര്യം പരിഗണനയിലാണ്. ലോക്കൽ ആഫീസ് ആരംഭിക്കുന്നതിൽ തീരുമാനമെടുക്കുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ആനുകൂല്യങ്ങൾ

78 [2850] ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഇതുവരെ എത്ര തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ രംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ആകെ തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ, ഈ രംഗത്ത് ആകെ പണിയെടുക്കുന്ന തൊഴിലാളികളുടെ എത്ര ശതമാനം വരും;

(സി) കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ ഇനത്തിലും വിഹിത ഇനത്തിലും ആകെ ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണ്;

(ഡി) ഇതിൽ എന്ത് തുക തൊഴിലാളികൾക്കുള്ള ആനുകൂല്യമായി നൽകുന്നു. ഇതിന്റെ ശതമാനം എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 11 ലക്ഷം. തൊഴിലാളികൾ അംഗത്വം എടുത്തിട്ടുണ്ട്.

(ബി) നിർമ്മാണ തൊഴിൽ രംഗത്ത് ഏകദേശം 15 ലക്ഷത്തോളം തൊഴിലാളികൾ ഉണ്ടെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ബോർഡിൽ, രജിസ്റ്റർ ചെയ്തിട്ടുള്ള അംഗത്തൊഴിലാളികൾ മൊത്തം തൊഴിലാളികളുടെ 73.33% വരും.

(സി) ബോർഡിൽ 2003-04 സാമ്പത്തിക വർഷത്തിൽ തൊഴിലാളികളുടെ വിഹിത ഇനത്തിലും രജിസ്ട്രേഷൻ ഇനത്തിലും 15,74,80,372 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്.

(ഡി) 2003-04 സാമ്പത്തിക വർഷത്തിൽ ബോർഡിൽ നിന്നും അംഗങ്ങളുടെ വിവിധ ആനുകൂല്യങ്ങൾ വിതരണം നടത്താനായി 19,69,50,762 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് 125.06% ആണ്.

നഗരങ്ങളിലെ ഗതാഗതക്കുരുക്ക്

79 [2851] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെയും, പൊതുവിൽ നഗരങ്ങളിലെയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) നഗരങ്ങളിൽ രാവിലെയുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പ്രധാനകാരണമായ വിദ്യാലയങ്ങളുടേയും ആഫീസുകളുടേയും പ്രവർത്തനം ഒരേ സമയത്ത് ആരംഭിക്കുന്നതുകൊണ്ടാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly